**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2429** **04-03-2025 - ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥ ചലനാത്മകമാക്കാൻ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ഉപരോധ സമാന സാമ്പത്തിക അവഗണനയ്ക്കിടയിലും സമ്പദ് വ്യവസ്ഥ ചലനാത്മകമാക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കൊവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പൊതു കണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി അനുവദിനീയമായ കടമെടുപ്പിൽ നിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, വിവിധ രാജ്യങ്ങൾ അവരുടെ കയറ്റുമതി ഇറക്കുമതി നയങ്ങളിൽ വരുത്തിയ മാറ്റം മുതലായവ സംസ്ഥാന സാമ്പത്തിക വ്യവസ്ഥയെ സ്വാധീനിക്കുകയും വിഭവ സമാഹരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിലും ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്.<br><br>കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും |

കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായി രിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കുറവുണ്ടായപ്പോഴും

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുമ്പോഴും ഗുരുതരമായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിച്ച ഘട്ടങ്ങളിലും മെച്ചപ്പെട്ട നികുതി പിരിവുകളിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരുവാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളിലുള്ള പ്രതിബദ്ധത നിലനിർത്തി മുന്നോട്ട് പോകാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.<br><br>2020-21 ന് ശേഷം സംസ്ഥാനത്തിന്റെ നികുതി നികുതിയേതര വരുമാനം ഉൾപ്പെടുന്ന തനത് വരവിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2020-21, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത വരുമാനം യഥാക്രമം 54988 കോടി രൂപ, 68803 കോടി രൂപ, 87086 കോടി രൂപ, 90675 കോടി രൂപ വീതമായിരുന്നു. ഈ കാലയളവിലെ സംസ്ഥാനത്തിന്റെ മൂലധന ചെലവിൽ ഗണ്യമായ വർദ്ധനവാണ് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്.<br><br>ജി.എസ്.ടി നഷ്ടപരിഹാരം തുടരൽ, സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന ഡിവിസിബിൾ പൂളിലെ നികുതി വിഹിതത്തിന്റെ ശതമാനം മുൻ ധനകാര്യ കമ്മീഷൻ കാലയളവിൽ ഉണ്ടായിരുന്നതുപോലെ പുനസ്ഥാപിക്കൽ, കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ വായ്പാ നിയന്ത്രണങ്ങൾ ഒഴിവാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിന്റെ തോത് വർദ്ധിപ്പിക്കൽ മുതലായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പക്ഷം സംസ്ഥാനത്തിന് അതിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക മാനകങ്ങളിൽ നേട്ടം കൈവരിക്കാനും സാധിക്കുമായിരുന്നു. |
| (ബി) | സമ്പദ് വ്യവസ്ഥയുടെ വളർച്ച സൂചിപ്പിക്കുന്ന മാനകങ്ങളിലെല്ലാം സംസ്ഥാനത്തിന് ഗുണകരമായ മാറ്റങ്ങൾ കാണുന്നുവെന്നത് കേന്ദ്രാവഗണനയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കാമോ; | (ബി) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കൊവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പൊതു കണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി |

അനുവദിനീയമായ കടമെടുപ്പിൽ നിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, വിവിധ രാജ്യങ്ങൾ അവരുടെ കയറ്റുമതി ഇറക്കുമതി നയങ്ങളിൽ വരുത്തിയ മാറ്റം മുതലായവ സംസ്ഥാന സാമ്പത്തിക വ്യവസ്ഥയെ സ്വാധീനിക്കുകയും വിഭവ സമാഹരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിലും ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന

മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായി രിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കുറവുണ്ടായപ്പോഴും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുമ്പോഴും ഗുരുതരമായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിച്ച ഘട്ടങ്ങളിലും മെച്ചപ്പെട്ട നികുതി പിരിവുകളിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരുവാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളിലുള്ള പ്രതിബന്ധത നിലനിർത്തി മുന്നോട്ട് പോകാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

2020-21 ന് ശേഷം സംസ്ഥാനത്തിന്റെ നികുതി നികുതിയേതര വരുമാനം ഉൾപ്പെടുന്ന തനത് വരവിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2020-21, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത വരുമാനം യഥാക്രമം 54988 കോടി രൂപ, 68803 കോടി രൂപ, 87086 കോടി രൂപ, 90675 കോടി രൂപ വീതമായിരുന്നു. ഈ കാലയളവിലെ സംസ്ഥാനത്തിന്റെ മൂലധന ചെലവിൽ ഗണ്യമായ വർദ്ധനവാണ് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്.

ജി.എസ്.ടി നഷ്ടപരിഹാരം തുടരൽ, സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന ഡിവിസിബിൾ പൂളിലെ നികുതി വിഹിതത്തിന്റെ ശതമാനം മുൻ ധനകാര്യ കമ്മീഷൻ കാലയളവിൽ ഉണ്ടായിരുന്നതുപോലെ പുനസ്ഥാപിക്കൽ, കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ വായ്പാ നിയന്ത്രണങ്ങൾ ഒഴിവാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിന്റെ തോത് വർദ്ധിപ്പിക്കൽ മുതലായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പക്ഷം സംസ്ഥാനത്തിന് അതിന്റെ ധനസ്ഥിതി

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക മാനകങ്ങളിൽ നേട്ടം കൈവരിക്കാനും സാധിക്കുമായിരുന്നു. |
| (സി) | അർഹതപ്പെട്ട സാമ്പത്തികവിഹിതം സമയബന്ധിതമായി നൽകുവാൻ കേന്ദ്രം തയ്യാറായിരുന്നെങ്കിൽ ഈ സാമ്പത്തിക മാനകങ്ങളിലെല്ലാം രാജ്യത്തെ മുൻ നിര സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിയുമായിരുന്നില്ലേ; വിശദമാക്കാമോ? | (സി) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കൊവിഡ് മഹാമാരി, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പൊതു കണക്കിനത്തിലെ നീക്കിയിരുപ്പും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി അനുവദിനീയമായ കടമെടുപ്പിൽ നിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, ആഗോള ദേശീയ തലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച റഷ്യ-ഉക്രൈയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, വിവിധ രാജ്യങ്ങൾ അവരുടെ കയറ്റുമതി ഇറക്കുമതി നയങ്ങളിൽ വരുത്തിയ മാറ്റം മുതലായവ സംസ്ഥാന സാമ്പത്തിക വ്യവസ്ഥയെ സ്വാധീനിക്കുകയും വിഭവ സമാഹരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിലും ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്.<br><br>കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ |

നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനാവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായി രിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവുകളിലും സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കുറവുണ്ടായപ്പോഴും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ടിരിക്കുമ്പോഴും ഗുരുതരമായ പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിച്ച ഘട്ടങ്ങളിലും മെച്ചപ്പെട്ട നികുതി പിരിവുകളിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരുവാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളിലുള്ള പ്രതിബന്ധത നിലനിർത്തി മുന്നോട്ട് പോകാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

2020-21 ന് ശേഷം സംസ്ഥാനത്തിന്റെ നികുതി നികുതിയേതര വരുമാനം ഉൾപ്പെടുന്ന തനത് വരവിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2020-21, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക

| | | | | |
|---|---|---|---|---|
| | | | | വർഷങ്ങളിൽ പ്രസ്തുത വരുമാനം യഥാക്രമം 54988 കോടി രൂപ, 68803 കോടി രൂപ, 87086 കോടി രൂപ, 90675 കോടി രൂപ വീതമായിരുന്നു. ഈ കാലയളവിലെ സംസ്ഥാനത്തിന്റെ മൂലധന ചെലവിൽ ഗണ്യമായ വർദ്ധനവാണ് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്.<br><br>ജി.എസ്.ടി നഷ്ടപരിഹാരം തുടരൽ, സംസ്ഥാനങ്ങൾക്ക് പങ്കിട്ടു നൽകുന്ന ഡിവിസിബിൾ പൂളിലെ നികുതി വിഹിതത്തിന്റെ ശതമാനം മുൻ ധനകാര്യ കമ്മീഷൻ കാലയളവിൽ ഉണ്ടായിരുന്നതുപോലെ പുനസ്ഥാപിക്കൽ, കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ വായ്പാ നിയന്ത്രണങ്ങൾ ഒഴിവാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിന്റെ തോത് വർദ്ധിപ്പിക്കൽ മുതലായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പക്ഷം സംസ്ഥാനത്തിന് അതിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക മാനകങ്ങളിൽ നേട്ടം കൈവരിക്കാനും സാധിക്കുമായിരുന്നു. |

സെക്ഷൻ ഓഫീസർ